"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. വി.കെ. മുരളീധരൻ സീനിയോറിറ്റി സംബന്ധിച്ച വിഷയത്തിൽ ഫയൽ ചെയ്ത OA 970/2022 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.25/2023/SPD തീയതി,തിരുവനന്തപുരം, 15-03-2023

---

പരാമർശം:-

1. OA 970/2022 നമ്പർ കേസിൽ 02/06/2022-ലെ വിധിന്യായം.
2. ശ്രീ. മുരളീധരൻ വി.കെ-ന്റെ 28/05/2022, 17/06/2022- തീയതികളിലെ അപേക്ഷകൾ.
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 01/08/2022-ലെ PTGD/1413/2022-ഇ2 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. മുരളീധരൻ വി.കെ. തന്റെ ക്ലാർക്ക് തസ്തികയിലെ നിയമനം 13/10/2014 മുതൽ മുൻകാല പ്രാബല്യത്തോടെ അനുവദിച്ചു തരണമെന്ന് അഭ്യർത്ഥിച്ചു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 972/2022 നമ്പർ കേസിൻ മേൽ 02/06/2022-ലെ വിധിന്യായ പ്രകാരം, ടിയാൻ സർക്കാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് സീനിയോറിറ്റി ക്രമപ്രകാരം അനുവദിക്കുന്നതിനുള്ള നടപടി പ്രസ്തുത വിധിന്യായം ലഭിച്ച് മൂന്നു മാസത്തിനകം തീർപ്പാക്കണമെന്ന് ഉത്തരവായിരുന്നു. പ്രസ്തുത വിധിന്യായത്തിന്റെ പകർപ്പ് അപേക്ഷകൻ 17/06/2022-ൽ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ശ്രീ. മുരളീധരൻ വി.കെ. സമർപ്പിച്ച അപേക്ഷയിന്മേൽ അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം വിശദമായ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) ശ്രീ. മുരളീധരൻ വി.കെ. സമർപ്പിച്ച അപേക്ഷ, വിധിന്യായം, റിപ്പോർട്ട് എന്നിവ സർക്കാർ ബന്ധപ്പെട്ട രേഖകളുടെയും നിയമത്തിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ.വി.കെ മുരളീധരൻ 05.04.1995 പൂർവ്വാഹ്നം ഷൊർണ്ണൂർ ഗവ പ്രസ്സിൽ ലോറി ക്ലിനർ തസ്തികയിലും, ശ്രീ എഡിസൺ.ജെ 28-07-1995 പൂർവ്വാഹനം തിരുവനന്തപുരം ചാക്ക ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വാച്ച്മാൻ തസ്തികയിലും ജോലിയിൽ പ്രവേശിച്ചിക്കയുണ്ടായി. തുടർന്ന് ശ്രീ എഡിസൺ. ജെ അച്ചടി വകുപ്പ് ഡയറക്ടറുടെ 15.07-1996 ലെ 17697/96/ഇ 5 (2) നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ വാച്ച്മാൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. 03/01/2014-ലെ സ.ഉ.(പി) 1/2014/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ക്ലാസ് IV/സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അതാത് വകുപ്പിലെ എൽ.ഡി. ക്ലാർക്ക് / എൽ.ഡി. ടൈപ്പിസ്റ്റ്

തസ്തികകളുടെ 10% ഒഴിവുകളിലേയ്ക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുവാൻ നിർദ്ദേശിച്ചതിൻ പ്രകാരം ടി തസ്തികകളിലേയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ എൻടി കേഡറിൽ ജില്ലാതലത്തിൽ വേണ്ടത്ര ഒഴിവുകൾ ഉണ്ടാകുന്നുണ്ട് എങ്കിൽ ജില്ലാതലത്തിൽ തന്നെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി നിയമനം നൽകാമെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ആയത് അനുസരിച്ച് അച്ചടി വകുപ്പ് ഡയറക്ടറുടെ 10/10/2014-ലെ 21970/2014/ഇ2/ഡിപി നമ്പർ നടപടിക്രമ പ്രകാരം തിരുവനന്തപുരം ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും, അതിൽ ഒന്നാം സ്ഥാനക്കാരനായ ശ്രീ. ജെ. എഡിസൺ-ന് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുകയും ടിയാൻ 13/10/2014-ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 28/05/2015-ലെ സ.ഉ.(പി) 16/2015/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അച്ചടി വകുപ്പിൽ സംസ്ഥാന തലത്തിലുള്ള ബ്രാഞ്ച് പ്രസ്സുകളിലും, ഫോറം സ്റ്റോറുകളിലും എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ളവരുടെ സീനിയോറിറ്റിയുടെയും, യോഗ്യതയുടെയും അടിസ്ഥാനത്തിൽ (സംസ്ഥാനാടിസ്ഥാനത്തിൽ) തയ്യാറാക്കി ആയതിൽ ഒന്നാം സ്ഥാനക്കാരനായ ശ്രീ. വി.കെ. മുരളീധരന് 26/07/2016-ലെ 21970/2014/ഇ2/ഡിപി നമ്പർ നടപടിക്രമ പ്രകാരം ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകുകയും ചെയ്തു.

3) 03/01/2014-ലെ സ.ഉ(പി)1/2014/ഉഭപവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി തിരുവനന്തപുരം ജില്ലയിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും, ആയതിൻ പ്രകാരം പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഒന്നാം സ്ഥാനക്കാരനായ ശ്രീ.എഡിസൺ.ജെ യ്ക്ക് തിരുവനന്തപുരം ജില്ലയിൽ തസ്തികമാറ്റം മുഖേന നിയമനം നൽകിയിട്ടുള്ളതുമാണ്. എന്നാൽ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നുള്ള തസ്തികമാറ്റനിയമനത്തിന് ജില്ല/മേഖല തലത്തിൽ എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ 10% മാറ്റിവയ്ക്കാൻ സാധിക്കാത്ത വകുപ്പുകളിൽ സംസ്ഥാന തലത്തിൽ നിയമനം നൽകുന്നതിനുള്ള നിർദ്ദേശം നൽകികൊണ്ടാണ് 28.05.2015-ലെ 16/2015/ഉ.ഭ.പ. വ നം. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, ആയത് പ്രകാരമാണ് ശ്രീ.മുരളീധരന് എറണാകുളം ജില്ലയിൽ തസ്തികമാറ്റം മുഖേന നിയമനം നൽകിയിട്ടുള്ളതുമെന്ന് വ്യക്തമാണ്. സ.ഉ(പി)1/2014/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം ഏതെങ്കിലും ജില്ലയിൽ 10 % അനുപാതം കണക്കാക്കി എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ബൈട്രാൻസ്ഫർ നിയമനം നൽകിയിട്ടുണ്ടെങ്കിൽ ആയത് 16/2015/ഉ.ഭ.പ. വ നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്യേണ്ടതില്ല എന്നും, അവരെ അപ്രകാരം തുടരാൻ അനുവദിക്കാവുന്നതാണെന്നും, എന്നാൽ state wide seniority list തയ്യാറാക്കുമ്പോൾ അവരെയും യഥാസ്ഥാനത്ത് ഉൾപ്പെടുത്തേണ്ടതാണെന്നും, അവരെക്കാൾ സീനിയറായ ആരെങ്കിലും അവർ ഇരിക്കുന്ന ഉയർന്ന തസ്തികയുടെ നിയമന യൂണിറ്റിൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവരുടെ ജൂനിയറായി വരുന്ന പക്ഷം ടിയാന് ഉയർന്ന തസ്തികയിൽ അവർക്ക് മുകളിൽ സീനിയോറിറ്റി അനുവദിച്ച് നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ ഈ കേസിൽ ശ്രീ.വി.കെ മുരളീധരന് എറണാകുളം ജില്ലയിലും ശ്രീ.എഡിസണ് തിരുവനന്തപുരം ജില്ലയിലുമാണ് തസ്തികമാറ്റം മുഖേന നിയമനം നൽകിയിട്ടുള്ളത്, ആയത് രണ്ട് നിയമന യൂണിറ്റായി പരിഗണിക്കാമെന്നതിനാൽ 16/2015/ഉ.ഭ.പ. വ നം. ഉത്തരവിലെ വ്യവസ്ഥക്കനുസൃതമായി ശ്രീ.മുരളീധരനെ എഡിസന്റെ സീനിയറായി കണക്കാക്കി സീനിയോറിറ്റി അനുവദിച്ച് നൽകേണ്ട സാഹചര്യമില്ല. താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നുള്ള തസ്തികമാറ്റനിയമനത്തിന് ജില്ല/മേഖല തലത്തിൽ എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ 10% മാറ്റിവയ്ക്കുന്നതിന് നിർദ്ദേശം നൽകികൊണ്ടുള്ള സ.ഉ(അച്ചടി)നം.21/14/ഉ.ഭ.പ.വ ഉത്തരവിലെ വ്യവസ്ഥ റദ്ദ് ചെയ്തുകൊണ്ട് പുറപ്പെടുവിച്ച സ.ഉ(സാധാ)നം.287/2017/ഉ.ഭ.പ.വ ഉത്തരവ്

അസാധുവാക്കിക്കൊണ്ടാണ് 22/01/2020-ലെ സ.ഉ(അച്ചടി)നം.4/2020/ഉ.ഭ.പ.വ പുറപ്പെട്ടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന് ഈ വിഷയത്തിൽ പ്രസക്തിയില്ല. നിയമന യൂണിറ്റുകൾ വ്യത്യസ്തമായതിനാൽ ക്ളർക്കു തസ്തികയിൽ എഡിസനു മുകളിൽ സീനിയോറിറ്റി അനുവദിക്കണമെന്ന മുരളീധരന്റെ ആവശ്യം പരിഗണനാർഹമല്ല. ഈ സാഹചര്യം പരിഗണിച്ച് ശ്രീ. മുരളീധരൻ വി.കെ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നു.

4) പരാമർശം (1) ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോയി എസ്
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, അച്ചടി വകുപ്പ്.

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)

ശ്രീ. മുരളീധരൻ വി.കെ, ക്ലാർക്ക്, ഷൊർണ്ണൂർ ഗവ.പ്രസ്സ്(അച്ചടി വകുപ്പ് ഡയറക്ടർ മുഖേന).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Bindu V K
Date: 15-03-2023 10:54:31